<u>24/12/2024 തീയതിയിൽ 12.00 PM -ന്, മുൻ മാസങ്ങളെ അപേക്ഷിച്ച് ഡിസംബർ മാസത്തിലെ വാട്ടർ ചാർജ് കളക്ഷനിൽ ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ട 5 ഡിവിഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട്, ജോയിൻറ് മാനേജിങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിന്റെ മിനുട്സ്.</u>

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. ശ്രീ ബിനു ഫ്രാൻസിസ് ഐ.എ.എസ്, ജോയിന്റ് മാനേജിങ് ഡയറക്ടർ
2. ശ്രീ അരവിന്ദ്.ആർ.കുമാർ, അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി
3. ശ്രീമതി സിനി കുര്യാക്കോസ്, ജൂനിയർ സൂപ്രണ്ട്, പി.എച്ച്. ഡിവിഷൻ, പൈനാവ്
4. ശ്രീമതി ഷെറിയ ബാബു ഷെരീഫ്, റവന്യൂ ഓഫീസർ, പി.എച്ച്. ഡിവിഷൻ, കൊച്ചി
5. ശ്രീ രാജശേഖരൻ പിള്ള. ആർ, റവന്യൂ ഓഫീസർ, പി.എച്ച്. ഡിവിഷൻ, ആലപ്പുഴ
6. ശ്രീമതി സുജാത. ബി, റവന്യൂ ഓഫീസർ, ഹെഡ് വർക്സ് ഡിവിഷൻ, അരുവിക്കര
7. ശ്രീമതി ശ്രീലത.എസ്, പി.എച്ച്. ഡിവിഷൻ, തിരുവല്ല.

12.00 PM-ന് യോഗം ആരംഭിച്ചു. ജോയിൻറ് മാനേജിങ് ഡയറക്ടർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

മുൻ മാസങ്ങളെ അപേക്ഷിച്ച് ഡിസംബർ മാസത്തിലെ 23/12/2024 വരെയുള്ള കളക്ഷനിൽ കുറവ് ശ്രദ്ധയിൽപ്പെട്ട, ചുവടെ ചേർത്തിട്ടുള്ള 5 ഡിവിഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട്, കളക്ഷൻ കുറവായതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തുന്നതിനു വേണ്ടിയാണ് ഈ യോഗം നടന്നത്.

1. പി.എച്ച്. ഡിവിഷൻ, പൈനാവ്
2. പി.എച്ച്. ഡിവിഷൻ, കൊച്ചി
3. പി.എച്ച്. ഡിവിഷൻ, ആലപ്പുഴ
4. ഹെഡ് വർക്സ് ഡിവിഷൻ, അരുവിക്കര
5. പി.എച്ച്. ഡിവിഷൻ, തിരുവല്ല.

ഇ-അബാക്കസിൽ, തൊടുപുഴ ഡിവിഷനിൽ നിന്നും സെക്ഷനുകൾ സ്പ്ലിറ്റ് ചെയ്തതും ആയത് കാരണം ഡിസ്കണക്ഷൻ ഉൾപ്പെടെയുള്ള കൺസ്യൂമർ സർവീസുകൾ ഇ-അബാക്കസിൽ ചെയ്യാൻ കഴിയാതിരുന്നതും കളക്ഷൻ കുറയുന്നതിന് കാരണമായതായി മീറ്റിംഗിൽ പങ്കെടുത്ത ജൂനിയർ സൂപ്രണ്ട്, പി.എച്ച്. ഡിവിഷൻ, പൈനാവ് അറിയിച്ചു. കൂടുതൽ സമയങ്ങളിലും ഇ-അബാക്കസിന്റെ ലഭ്യതക്കുറവ് പരിഹരിക്കേണ്ടതാണെന്നും പി.എച്ച്. ഡിവിഷൻ, കൊച്ചിക്ക് കീഴിലുള്ള ബൾക്ക് കണക്ഷനുകളിൽ വാട്ടർ ചാർജ് അടയ്ക്കുന്നത് അതാത് മാസം അവസാന ദിവസങ്ങളിലാണെന്നും ഡിസംബർ 31-ഓട് കൂടി കളക്ഷനിൽ വ്യത്യാസം ഉണ്ടാകുമെന്നും റവന്യൂ ഓഫീസർ, പി.എച്ച്. ഡിവിഷൻ, കൊച്ചി അറിയിച്ചു. നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള വിവിധ കണക്ഷനുകളിൽ ഒ.ടി.എസ് നൽകുകയും ആയത് പ്രകാരം ഏകദേശം 16 ലക്ഷത്തോളം രൂപ ഒക്ടോബർ മാസത്തിൽ അധികമായി ലഭിച്ചു. ആയതിനാലാണ് ഒക്ടോബറിൽ കളക്ഷനിൽ വർദ്ധനവ് ഉണ്ടായതും ഡിസംബറിൽ കുറവ് വരാനിടയായതും എന്ന് റവന്യൂ ഓഫീസർ, ഹെഡ് വർക്സ് ഡിവിഷൻ, അരുവിക്കര അറിയിച്ചു.

<u>**പ്രധാന യോഗതീരുമാനങ്ങൾ**</u>

1. 50,000 രൂപക്ക് മുകളിൽ കുടിശ്ശിക നിലനിൽക്കുന്ന പ്രൈവറ്റ് കണക്ഷനുകളുടെ എണ്ണം,

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ, റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച കണക്ഷനുകളുടെ എണ്ണം (തീർപ്പായത്, തീർപ്പാകാത്തത് തരം തിരിച്ച്) എന്നിങ്ങനെ വിശദമായ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ഉൾപ്പെടെയുള്ള തയാറെടുപ്പുകളോടെ അടുത്ത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ.

2. കൃത്യമായി വാട്ടർ ചാർജ് അടക്കാത്ത കണക്ഷനുകൾ യഥാസമയം വിച്ഛേദിക്കുന്നതാണെന്ന് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി ആയത് സംബന്ധിച്ച് പത്ര മാധ്യമങ്ങളിൽ വാർത്ത നൽകേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഷോപ്പിംഗ് കോംപ്ലെക്സുകൾ, മാർക്കറ്റുകൾ, ഓഫീസുകൾ എന്നിങ്ങനെയുള്ള കുടിശ്ശികയുള്ള ഗവണ്മെന്റ് കണക്ഷനുകൾ വിച്ഛേദിച്ച് ആർ. ആർ നടപടികൾ ആരംഭിക്കാവുന്നതാണ്. എന്നാൽ അംഗൻവാടികൾ, സ്കൂളുകൾ, ആശുപത്രികൾ, പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ കുടിശ്ശികയുള്ള ഗവണ്മെന്റ് കണക്ഷനുകൾ വിച്ഛേദിക്കാതെ ആർ.ആർ നടപടികൾ ആരംഭിക്കാവുന്നതാണ്. നടപടി: റവന്യൂ ഓഫീസർമാർ.
4. കണക്ഷൻ വിച്ഛേദിച്ചിട്ടും കുടിശ്ശിക അടച്ച് റീകണക്റ്റ് ചെയ്യുന്നതിന് ശ്രമിക്കാത്ത കണക്ഷനുകളിൽ, ഉപഭോക്താക്കൾക്ക് വെള്ളത്തിന് മറ്റ് സ്രോതസ്സുകൾ ഉണ്ടോ അല്ലെങ്കിൽ വിച്ഛേദിച്ച കണക്ഷനിൽ നിന്നും അനധികൃതമായി വെള്ളം എടുക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ.
5. ആർ.ആർ അദാലത്തുകൾ നടത്തിയിട്ടും കുടിശ്ശിക അടക്കുന്നതിൽ സഹകരിക്കാത്ത ഉപഭോക്താക്കളുടെ ആർ.ആർ നടപടികൾ പൂർത്തിയാക്കി കുടിശ്ശിക തുക ഈടാക്കി നൽകുന്നതിന് തഹസിൽദാർക്ക് കത്ത് നൽകേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ.

1.15 PM-ന് യോഗം അവസാനിച്ചു.

Signed by
Binu Francis
Date: 06-01-2025 10:28:53